ഇൻഫർമേഷൻ ടെക്നോളജിയുടെ മുഴുവൻ സാധ്യതകളും ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുന്നതിന് നടപടി

16 (*256) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി. രാജു :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ടെക്നോളജിയുടെ മുഴുവൻ സാധ്യതകളും ക്ലാസ്സ്മുറികളിൽ പ്രയോജനപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതികൾ എന്തെല്ലാമാണെന്നും, ഇതിനുവേണ്ടിയുള്ള എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും വിശദമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ&ബി) ഏഴാം ക്ലാസ്സിലെ കുട്ടികൾക്ക് കംപ്യൂട്ടർ അവബോധവും പരിചയവും വ്യാപകമാക്കുന്നതിനുള്ള ഒരു പൈലറ്റ് അടുത്തവർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ മൾട്ടി മീഡിയ ഉപയോഗിച്ചുള്ള അദ്ധ്യയനം ആരംഭിക്കാനും, അതിന് വേണ്ട കമ്പ്യൂട്ടറുകൾ വാങ്ങാനുമായി വിപുലമായ ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ സഹായവും ഈ പദ്ധതിക്ക് ലഭ്യമാവും. ഇത്തരം കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കാനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയും പ്രവർത്തനം ആരംഭിച്ചു. ദൂരദർശനിലൂടെ, വിദ്യാഭ്യാസപരിപാടികൾ സംപ്രേക്ഷണം ചെയ്യാനും നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാഭ്യാസ വീഡിയോകൾ നിർമ്മിക്കുന്നതിന് സാങ്കേതികമായ കഴിവുള്ളവരുടെ പാനൽ രൂപീകരിച്ചുവരുന്നു.

എയ്ഡഡ് സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന ധനസഹായം

17 (*257) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന ധനസഹായം പരിമിതമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ധനസഹായം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് എയ്ഡഡ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ഡി) എൽ.പി, യു.പി, ഹൈസ്ക്കൂളുകളിൽ ഓരോ വർഷം ലഭിക്കുന്ന ധനസഹായം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly